(ബി) ഇത്രയും വർഷം സർവ്വീസുണ്ടായിട്ടും അവരെ സ്ഥിരപ്പെടുത്താത്തതു് എന്തുകൊണ്ടു്?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) 1931.

(ബി) ഇവർ തുടരുന്ന ലാവണങ്ങളിൽ ഏറിയകൂറും സ്ഥിരപ്പെടുത്തിക്കഴിഞ്ഞു. സ്ഥിരലാവണങ്ങളിൽ ആളുകളെ സ്ഥിരപ്പെടുത്തുന്നതിനെ സംബന്ധിച്ചു് നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണു്.

പോലീസ് കാൺസ്റ്റബിൾമാർ.

* 881. [61] ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ–കൊച്ചി സംയോജനക്കാലത്തു് അഞ്ചു കൊല്ലമോ കൂടുതലോ സർവ്വീസുള്ള പോലീസ് കാൺസ്റ്റബിൾമാരിൽ സ്ഥിരപ്പെടുത്താത്തവരുടെ എണ്ണം തിരുവിതാംകൂർ ഭാഗത്തു് എത്ര; കൊച്ചി ഭാഗത്തു് എത്ര;

(ബി) സ്ഥിരപ്പെടുത്താതുകൊണ്ടു് അവരുടെ പ്രമോഷൻകാര്യത്തിൽ വലിയ അനീതി ഉണ്ടാകാൻ ഇടയില്ലേ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

| (എ) | തിരുവിതാംകൂർ | കൊച്ചി. |
|---|---|---|
| | 706. | 1. |

(ബി) ഇല്ല.

ബേസിക് ടാക്സ് രജിസ്റ്റർ തയ്യാറാക്കാൻ നിയമിച്ചിട്ടുള്ളവർ

* 882. [62] ശ്രീ. പി. എസ്. വാസുദേവൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോൾ തുടർന്നു് ബേസിക് ടാക്സ് രജിസ്റ്റർ തയ്യാറാക്കാൻ എത്ര വില്ലേജ് അസിസ്റ്റൻറന്മാരെ നിയമിച്ചിട്ടുണ്ടു്; അവരുടെ കാലാവധി നിശ്ചയിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കാലാവധിക്കുശേഷം അവരെ എന്തു ചെയ്യാൻ ഉദ്ദേശിക്കുന്നു?

ആഭ്യന്തരകാര്യമന്ത്രി, (ശ്രീ. എ. ജെ. ജോൺ) :

(എ) 273 വില്ലേജ് അസിസ്റ്റൻറന്മാരെ നിയമിച്ചിട്ടുണ്ടു്. അവരുടെ കാലാവധി ആഗസ്റ്റ് 15-ാംതു മുതൽ മൂന്നുമാസത്തേക്കു് ആയിരിക്കുമെന്നു ക്ലിപ്തപ്പെടുത്തിയിട്ടുണ്ടു്.

(ബി) അവരുടെ നിയമനം താൽക്കാലികാടിസ്ഥാനത്തിലായതുകൊണ്ടു പ്രസ്തുത കാലാവധി കഴിയുമ്പോൾ അവരെ പിരിച്ചുവിടുന്നതായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly